MAY 2023 **U/ID 30729/ULD2A**

Time : Three hours Maximum : 75 marks

PART A — (10 × 2 = 20 marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തര മെഴുതുക.

1. ഭീഷ്മരെ വധിക്കാൻ പരശുരാമൻ ഉന്നയിച്ച ന്യായമെന്ത്?

2. കർണ്ണനിലെ പൗരുഷമൂല്യം – വിലയിരുത്തൽ എന്ത്?

3. ദ്രൗപദിയുടെ സ്വഭാവത്തെക്കുറിച്ച് ചുരുക്കിയെഴുതുക.

4. ദേവവ്രതൻ കഠിനമായ തപസ് അനുഷ്ഠിക്കാൻ കാരണമെന്ത്?

5. കർണ്ണനെ മഹാത്മാവെന്ന് വിലയിരുത്തുന്നത് എന്തുകൊണ്ട്?

6. ദുര്യോധനനോട് ആജീവനാന്തം കടപ്പാട് നിലനിർത്താൻ കർണ്ണനെ തോന്നിക്കുന്ന സംഭവം എന്ത്?

7. മരണത്തിന്റെ സാന്നിദ്ധ്യം എല്ലാറ്റിനേയും ശ്രദ്ധേയമാക്കുമെന്ന് കോന്തലയിൽ പറയുന്നതിന് കാരണമെന്ത്?

8. കരിക്കുറ്റി സ്കൂളിലെ വിശേഷദിനങ്ങൾ – ചുരുക്കിയെഴുതുക.

9. അപ്പുവിന്റെ സ്വഭാവനിരൂപണം നടത്തുക.

10. താഴേ രാജ്യം എന്നു വിളിക്കുന്നതിനോട് വയനാട് യോജിക്കുന്നതെങ്ങനെ?

11. മുട്ടയാണ് അവരുടെ കറൻസി - സന്ദർഭമേത്?

12. പളനിയിലേക്കുള്ള യാത്രയെക്കുറിച്ച് കോന്തലയിൽ പറയുന്ന കാര്യങ്ങൾ വിവരിക്കുക.

PART B — ($5 \times 5 = 25$ marks)

അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. പാഞ്ചാലിയുടെ വസ്ത്രാക്ഷേപവേളയിൽ നിഷ്ക്രിയരായിത്തീർന്ന പാണ്ഡവരിലെ ധർമ്മചിന്തയെ മാരാർ വിമർശിക്കുന്നതെങ്ങനെ?

14. മഹാഭാരതത്തിൽ സ്നേഹത്തിനാണ് പ്രാധാന്യമെന്ന് വിലയിരുത്താനാവുമോ?

15. ഭൂഭംഗികൾകൊണ്ട് ബാല്യം വയനാട്ടിൽ കഴിച്ചൊരാളെ നിങ്ങൾക്ക് വിഷമിപ്പിക്കാനാവില്ല - ബാല്യകൗതുകങ്ങൾക്ക് അവസരമുണ്ടാക്കിയ വയനാട്ടിലെ കാഴ്ചകൾ സംഗ്രഹിക്കുക.

16. 'ശിശുപാലൻ ചെയ്ത നൂറപരാധവും ക്ഷമിച്ച ഭഗവാൻ കൃഷ്ണൻ ജനിച്ചത് ഭൂഭാരം തീർക്കുക എന്ന സംഹാരക്രിയക്കല്ല' - കൃഷ്ണനെക്കുറിച്ചുള്ള ഈ പരാമർശത്തിൽ കാണാനാകുന്ന ലോകവീക്ഷണമെന്ത്?

17. ആത്മഹത്യ ചെയ്യുന്നവരോട് അനുഭാവം തോന്നിക്കുന്ന ദൃശ്യത്തെക്കുറിച്ച് എഴുത്തുകാരൻ പറയുന്നു - സന്ദർഭമേത്?

18. വയനാടൻ സംസ്കാരത്തെക്കുറിച്ചുള്ള എഴുത്തുകാരന്റെ വീക്ഷണമെന്ത്.

19. കർണ്ണനെക്കുറിച്ചുള്ള കുട്ടിക്കൃഷ്ണമാരാരുടെ പ്രസക്തമായ നിലപാടെന്ത്? വിലയിരുത്തുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. മഹാഭാരതത്തിന്റെ പുതുവായനയാണ് ഭാരതപര്യടനത്തിന്റേത് എന്ന് വിലയിരുത്താനാവുമോ? വിശദമാക്കുക.

21. കുഴിച്ചിട്ടാൽ കുപ്പിച്ചില്ലും മൂന്നാംനാൾ മുളച്ചു പൊന്തുന്ന വയനാടൻ മണ്ണിന്റെ ഭാവപ്പകർച്ചകളാണ് കോന്തലയിലുള്ളത് എന്ന പരാമർശം വിലയിരുത്തുക.

22. കോന്തലയിലെ ജീവിതാഖ്യാനങ്ങൾ ചുരുക്കിയെഴുതുക.

23. കഥാപാത്രങ്ങൾ അമാനുഷരെന്നു കരുതുമ്പോഴും അവരുടെ ശക്തിദൗർബ്ബല്യങ്ങളാണ് ഭാരതപര്യടനത്തിൽ കാണാനാവുക. – പരിശോധിക്കുക.

24. ധർമ്മയുദ്ധമാവണം നടക്കേണ്ടത് എന്നു കരുതിയിട്ടും നിരവധി അധർമ്മങ്ങൾ യുദ്ധവേളയിൽ ഉണ്ടാകുന്നു – ചൂണ്ടിക്കാണിക്കുക.

———————